# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 904 10.02.2016 - ൽ മറുപടിക്ക്

## മട്ടന്നൂർ പ്രോജക്ട് ഡിവിഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളാ ജലഅതോറിറ്റിയുടെ മട്ടന്നൂർ പ്രോജക്ട് ഡിവിഷന് കീഴിൽ 2011-2016 കാലയളവിൽ എത്ര പുതിയ പ്രവൃത്തികൾ അനുവദിക്കുകയുണ്ടായി ; | (എ) മട്ടന്നൂർ ഡിവിഷനു കീഴിൽ ഏഴ് പദ്ധതികൾ അനുവദിച്ചിരുന്നു.<br>1.മട്ടിണിക്കും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി.<br>2.തൃപ്പങ്ങോട്ടൂർ (എ.ആർ. ഡബ്ല്യൂ.എസ്.എസ്.) (പ്ലാന്റ്)<br>3. കൊളച്ചേരി (എ.ആർ.ഡബ്ല്യൂ.എസ്.എസ്.)<br>4. ഇരിക്കൂർ (എ.ആർ.ഡബ്ല്യൂ.എസ്.എസ്.)<br>5. തൃപ്പങ്ങോട്ടൂർ (എ.ആർ. ഡബ്ല്യൂ.എസ്.എസ്.) (തടയണ)<br>6. എളയാവൂർ (എൽ.എ.സി.എ.ഡി.എഫ്.)<br>7. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട്. |
| (ബി) കണ്ണൂർ ജില്ലയിലെ മലയോരമേഖലകളായ മട്ടന്നൂർ, പേരാവൂർ, ഇരിക്കൂർ, കൂത്തുപറമ്പ് നിയോജക മണ്ഡലങ്ങളിലെ ശുദ്ധജലവിതരണ പ്രവർത്തനങ്ങളുടെ മേൽനോട്ടവും നടത്തിപ്പും മട്ടന്നൂർ പ്രോജക്ട് ഡിവിഷനെ ഏൽപ്പിച്ച് മട്ടന്നൂർ പ്രോജക്ട് ഡിവിഷന്റെ ശാക്തീകരണം ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) പരിശോധിച്ച് ആവശ്യമെങ്കിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഇപ്പോൾ ഭരണാനുമതി ലഭിച്ചിട്ടുള്ള കേളകം - കണിച്ചാർ - കൊട്ടിയൂർ ശുദ്ധജലവിതരണ പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പും മേൽനോട്ടവും മട്ടന്നൂർ പ്രോജക്ട് ഡിവിഷനെ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി) കേളകം, കണിച്ചാർ, കൊട്ടിയൂർ ശുദ്ധജലവിതരണ പദ്ധതികളുടെ പ്രവർത്തനം നിലവിൽ കണ്ണൂർ പ്രോജക്ട് ഡിവിഷന്റെ പരിധിയിൽ ആണ്. മട്ടന്നൂർ പ്രോജക്ട് സബ് ഡിവിഷനെ ഏൽപ്പിക്കുന്ന കാര്യം പരിശോധിച്ച് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ആസ്ഥാനമായ മട്ടന്നൂർ അതിവേഗം വളരുന്ന ഒരു നഗരം എന്ന പരിഗണന നൽകിയും സമീപ നിയോജക മണ്ഡലങ്ങളിൽ | (ഡി) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ആകെ പ്രോജക്ടുകളുടെ സ്ഥിതി അനുസരിച്ച് പ്രോജക്ട് ഡിവിഷനുകളുടെ അതിർത്തി പുന:ക്രമീകരിക്കാവുന്നതാണ്. പ്രസ്തുത വിഷയം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്. |

ശ്രീകണ്ഠാപുരം, ഇരിട്ടി, പാനൂർ എന്നി മൂന്ന് പുതിയ നഗരസഭകൾ നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിലും, നിലവിലുള്ള ശുദ്ധജല വിതരണ സൗകര്യങ്ങൾ വ്യാപിപ്പിക്കുകയും ,പുതിയ പദ്ധതികൾ ആരംഭിക്കുകയും ചെയ്യേണ്ടതിനാൽ കേരള ജല അതോറിറ്റിയുടെ മട്ടന്നൂർ പ്രോജക്റ്റ് ഡിവിഷൻ ഓഫീസിന്റെ ശാക്തീകരണം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

| | | | |
|---|---|---|---|
| (ഇ) | മട്ടന്നൂർ പ്രോജക്റ്റ് ഡിവിഷൻ ഓഫീസിൽ ഡിവിഷണൽ അക്കൗണ്ടന്റിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | തളിപ്പറമ്പ് ഡിവിഷൻ ഓഫീസ് രൂപീകരിച്ചപ്പോൾ മട്ടന്നൂർ പ്രോജക്ട് ഡിവിഷനിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തിക തളിപ്പറമ്പിലേയ്ക്ക് മാറ്റിയതിനാൽ നിലവിൽ മട്ടന്നൂർ പ്രോജക്ട് ഡിവിഷനിൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തിക ഇല്ല. |

സെക്ഷൻ ഓഫീസർ